പതിമൂന്നാംകേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1272 13.06.2013 - ൽ മറുപടിക്ക്

**എഴുപുന്ന – കമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം.**

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എഴുപുന്ന – കമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ടതിന്റെ കാരണം അറിയിക്കുമോ; | (എ) | കൂടുതലായി ആവശ്യം വന്ന ഭൂമി ലഭ്യമല്ലാത്തതു കൊണ്ടാണ് നിർമ്മാണം തടസ്സപ്പെട്ടത്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ വ്യക്തമാക്കുമോ | (ബി) | കേസ് നിലവിലുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | നിലവിൽ അപ്രോച്ച് റോഡ് നിർമ്മാണ കരാർ ഏറ്റെടുത്ത കോൺട്രാക്ടറെ ഒഴിവാക്കുവാൻ കാരണമെന്താണെന്നറിയിക്കുമോ; | (സി)<br>(ഡി)<br>&<br>(ഇ) | ഇതു സംബന്ധിച്ച് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C)No.12988/2012 -ന്റെ വിധിയുടെ അടിസ്ഥാനത്തിലും പാലം പണി പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക ഭൂമി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 03.05.2013 -ലെ സ.ഉ.(സാധാ)നം.675/2013/PWD പ്രകാരം കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി ലഭ്യമായാലുടൻതന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | അപ്രോച്ച് റോഡിൽ സ്ഥലം പി.ഡബ്ല്യു.ഡി.അധികൃതർ നൽകാത്തതിന്റെ പേരിൽ കരാറുകാരനെ ഒഴിവാക്കുന്നതിന്റെ കാരണം അറിയിക്കുമോ; | | |
| (ഇ) | എന്നത്തേക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

Sd/-

സെക്ഷൻ ഓഫീസർ